# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 504** | **29-06-2015 ലെ മറുപടിയ്ക്ക്**

**<u>നിക്ഷേപക സുരക്ഷ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) നിക്ഷേപകരുടെ പണം സുരക്ഷിതമാക്കുവാനും, അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;<br>(ബി) നിക്ഷേപ തട്ടിപ്പുകൾ തടയുന്നതിന് പ്രസ്തുത നടപടി എത്രത്തോളം പര്യാപ്തമാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; | (എ) & (ബി) നിക്ഷേപകരുടെ പണം സുരക്ഷിതമാക്കുവാനും, അവരുടെ താല്പര്യം സംരക്ഷിക്കുന്നതിനും ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിയമങ്ങളൊന്നും നിലവിലില്ലായിരുന്നു. കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ താല്പര്യം സംരക്ഷിക്കുന്നതിന് 16-02-2015-ലെ 364-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം വഴി സംസ്ഥാനത്ത് 2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ആക്ട് നിലവിൽ വന്നിട്ടുണ്ട്. നിക്ഷേപ തട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾക്ക് പ്രസ്തുത നിയമം പര്യാപ്തമാണ്. |
| (സി) നിക്ഷേപകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് നടത്തിയ നിയമ നിർമ്മാണം ഉദ്യോഗസ്ഥ തലത്തിൽ നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ ? | (സി) ടി ആക്ട് നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Jayanth

സെക്ഷൻ ഓഫീസർ.